മുനമ്പം, ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ കൊലപാതക ശ്രമം, മയക്കുമരുന്ന് വ്യാപാരം ഉൾപ്പടെയുള്ള കേസുകളിൽ ഉൾപ്പെട്ട നിരന്തര കുറ്റവാളിയെ കാപ്പ ചുമത്തി ജയിലിലടച്ചു. എടവനക്കാട് കുഴുപ്പിള്ളി കറുത്താട്ടിൽ വീട്ടിൽ നജ്മൽ (29) നെയാണ് കാപ്പ ചുമത്തി വിയ്യൂർ സെൻട്രൽ ജയിലിലടച്ചത്. കഴിഞ്ഞ ജനുവരിയിൽ ചെറായിയിൽ ഹാഷിഷ് ഓയിലുമായി ഇയാളെ അറസ്റ്റ് ചെയ്തതിനെ തുടർന്നാണ് കാപ്പ ചുമത്തിയത്.